പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 234 — 26-09-2011 -ൽ മറുപടിക്ക്.

## പുതിയ മദ്യനയത്തിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. വിഷ്ണുനാഥ് :<br>" ഐ. സി. ബാലകൃഷ്ണൻ :<br>" അൻവർ സാദത്ത് : | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) പുതിയ മദ്യനയത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് രൂപീകരിച്ചതാണ് 2011-12 - ലെ പുതിയ മദ്യനയം. മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതിനായി, പുതിയ മദ്യഷാപ്പുകൾ അനുവദിക്കുന്നതിന് കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ ബാറുകൾ അനുവദിക്കുമ്പോൾ അവ തമ്മിൽ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. 31-03-2012 വരെ, 3 സ്റ്റാർ പദവിയിലുള്ള ഹോട്ടലുകൾക്കും, 2012-13 വർഷത്തിൽ 4 സ്റ്റാർ ഹോട്ടലുകൾക്കും, 2013-14 സാമ്പത്തിക വർഷം മുതൽ 5 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളൂ. മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21 ആയി ഉയർത്താനും, ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം കുറയ്ക്കാനും, മദ്യാസക്തി നിയന്ത്രിക്കാനായി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനും, ദു:ഖവെള്ളിയാഴ്ച ഡ്രൈഡേ ആയി പ്രഖ്യാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. മദ്യ വിപത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ ഈ വർഷം ചെലവഴിക്കും. സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന സ്റ്റാറ്റ്യൂട്ടറി വാണിങ് പ്രദർശിപ്പിക്കും. കള്ളിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ മൊബൈൽ ലാബുകൾ ആരംഭിക്കും. |
| (ബി) ഇതു നടപ്പാക്കുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; | (ബി), (സി) ഇക്കാര്യം പരിശോധിച്ചു വരുന്നതേയുള്ളൂ. |
| (സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | |

സെക്ഷൻ ആഫീസർ